**മത്സ്യം**



ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്,
കെവികെ, കൊച്ചി.
ഇ മെയിൽ:
kvkernakulam@yahoo.co.in

# മീൻകുളത്തിലെ മഴക്കാല പരിചരണം

*? ആലുവാപ്പുഴയ്ക്ക് അടുത്താണ് എന്റെ മീൻ കുളം. താഴ്ന്ന പ്രദേശമായതിനാൽ വെള്ളം കയറാറുണ്ട്. മഴക്കാലത്ത് എന്തെല്ലാം ഒരുക്കണം. എപ്പോൾ പുതിയ കൃഷി തുടങ്ങാം.*

**ജോ ജോസഫ്,** ദേശം, ആലുവ.

● വലുപ്പമെത്തിയ മീനുകൾ ഉണ്ടെങ്കിൽ മഴക്കാലത്തിനു മുൻപേ പിടിച്ചു വിൽക്കുക. മീനുകൾക്കു വേണ്ടത്ര വലുപ്പമായിട്ടില്ലെങ്കിൽ കുളത്തിനു ചുറ്റും ഒരു മി. മീ. കനമുള്ളതും 40 മി. മീ. കണ്ണിയകലമുള്ളതുമായ എച്ച്ഡിപിഇ വലകൾകൊണ്ട് ചുറ്റും സംരക്ഷിതവേലി കെട്ടണം. വെള്ളം കയറിയാലും ഈ കുളങ്ങളിലെ മീനുകൾ പുറത്തേക്കു പോകാതിരിക്കാനും പുറമെനിന്നുള്ള അഴുക്കും പാഴ്വസ്തുക്കളും കുളത്തിലേക്ക് വരാതിരിക്കാനും ഇത് സഹായിക്കും. മഴ തുടങ്ങുന്നതിനു മുൻപുതന്നെ കുളത്തിനു ചുറ്റുമുള്ള കളസസ്യങ്ങൾ വെട്ടിക്കളയണം. കുളത്തിന്റെ ബണ്ടിന് ഉയരം കുറവെങ്കിൽ വേണ്ടത്ര ഉയരത്തിൽ പുതുക്കിപ്പണിയണം. കുളത്തിനു മുകളിൽ ഒരു മി. മീ. കനമുള്ളതും 100 മി. മീ. കണ്ണിയകലമുള്ളതുമായ വലയിടുന്നതും നന്ന്.

മഴ കൂടിയ സമയത്തു ജലത്തിന്റെ താപനിലയും പി എച്ചും (അമ്ല-ക്ഷാരനില) ക്രമാതീതമായി കുറയാനും കുളത്തിലെ ജലം കൂടുതൽ കലങ്ങാനും ഇടയുണ്ട്. അതിനാൽ പുതിയ കുഞ്ഞുങ്ങളെ ഓഗസ്റ്റ് അവസാനമോ സെപ്റ്റംബർ ആദ്യ വാരമോ ഇടുന്നതാണ് ഉചിതം. മഴ തുടങ്ങുന്നതിനു മുൻപുതന്നെ കുളത്തിന്റെ ബണ്ടുകളിൽ കുമ്മായം ഒരു സെന്റിന് 500 ഗ്രാം എന്ന തോതിൽ വിതറിക്കൊടുത്താൽ പി എച്ച് മൂല്യം കുറയാതിരിക്കാനും മഴക്കാലങ്ങളിൽ മത്സ്യങ്ങൾക്ക് പിടിപെടാവുന്ന കുമിൾരോഗം തടയാനും സഹായിക്കും.

മത്സ്യം എന്നിവയുടെ പരിപാലനത്തെക്കുറിച്ചുള്ള സംശയങ്ങൾക്ക്:
വെറ്റ് ക്ലിനിക്, കർഷകശ്രീ,
മലയാള മനോരമ, കോട്ടയം 1.
വാട്സാപ്പ്: 8714617871
ഇ മെയിൽ: karsha@mm.co.in

